**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370

**വാർത്താക്കുറിപ്പ്**

**2026 ജനുവരി 12**

---

## പോളിമെറ-2026: എംജിയിൽ അന്താരാഷ്ട്ര പോളിമർ ശാസ്ത്ര കോൺഫറൻസ് സമാപിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയും, ഐ ഐ ടി ഖരഗ്പൂരും, ഡിപ്പാർട്മെന്റ് ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിച്ച പോളിമെറ-2026 അന്താരാഷ്ട്ര പോളിമർ ശാസ്ത്ര കോൺഫറൻസ് സമാപിച്ചു. എംജി സർവകലാശാല കൺവർജൻസ് അക്കാദിയ കോംപ്ലക്സിൽ നടന്ന നാലുദിവസത്തെ സമ്മേളനം ജനുവരി 8 ന് 'അഡ്വാൻസ്ഡ് പോളിമെർ മെറ്റീരിയൽസ് ഫോർ നെക്സ്റ്റ് ജനറേഷൻ എനർജി കൺവെർഷൻ ആൻഡ് സ്റ്റോറേജ് ഡിവൈസസ് എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രീ-കോൺഫറൻസ് വർക്ഷോപ്പോടെയാണ് തുടക്കം കുറിച്ചത്.*

*ബാറ്ററി ടെക്നോളജിയിലെ നൂതന മുന്നേറ്റങ്ങളെ കുറിച്ച് ഇന്ത്യയിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ ക്ലാസുകൾ നയിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.ടി. അരവിന്ദകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. കിൻസുക് നാസ്കർ (ഐ.ഐ.ടി ഖരഗ്പൂർ), പ്രൊഫ. പ്രശാന്ത് രാഘവൻ, ഡോ. കുരുവിള ജോസഫ്* (IIST), *ഡോ. അജി എം.എൻ. (എച്ച്.എഫ് ഇന്ത്യ മിക്സിംഗ്), പേരം പ്രസാദ റാവു (ടെക്നോബിസ്, തായ്‌ലൻഡ്), ഷീല തോമസ് ഐ എ എസ്, അമർനാഥ് സോണിക (അപ്പോളോ ടയേഴ്സ്),*

*പ്രൊഫ. ക്രിസ്റ്റ്യൻ ഡ്രെയർ, ഡോ.ദിമിട്രോവ് കിറിൽ (വിൽടൗ, ജർമ്മനി), ഡോ. ജി പാർത്ഥസാരഥി (എൻ ഐ എ എസ്സ്, ഐ ഐ എസ്സ് സി, ബംഗളൂരു) തുടങ്ങിയ പ്രമുഖർ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സജീവ പങ്കാളിത്തം കൊണ്ട് സമ്മേളനം ശ്രദ്ധേയമായി.*

*പോളിമർ ശാസ്ത്രത്തിലെ സുസ്ഥിരവും ഊർജ്ജപ്രയോഗങ്ങളുമായി ബന്ധപ്പെട്ട പോളിമറുകൾ, അഡ്വാൻസ്ഡ് കോമ്പോസിറ്റുകൾ, സ്മാർട്ട് മെറ്റീരിയലുകൾ, ബയോപോളിമറുകൾ, റബ്ബറും ഇലാസ്റ്റോമറുകളും, പോളിമർ മെംബ്രെയ്നുകൾ, കംപ്യൂട്ടേഷണൽ മെറ്റീരിയൽ സയൻസ് തുടങ്ങിയ മേഖലകളിലെ ഏറ്റവും പുതിയ ഗവേഷണ മുന്നേറ്റങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു. വ്യവസായ അക്കാദമിക സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെട്ട ഇൻഡസ്ടറി അക്കദമിയാ മീറ്റ് ഈ സമ്മേളനത്തിന്റെ ഒരു പ്രധാന ആകർഷണമായി. ബാലഗോപാൽ ചന്ദ്രശേഖർ (ചെയർമാൻ, കെ എസ് ഐ ഡി സി), പ്രേംകുമാർ എസ്സ്. (ജോയിൻറ് സെക്രട്ടറി ഐ.ആർ.ഐ. കേരള  ചാപ്റ്റർ & ഡയറക്ടർ , ടി ടി ആർ സി പ്രൈവറ്റ് ലിമിറ്റഡ്), അജയ് ജോർജ് വർഗീസ് (കൺവീനർ, സി .ഐ.ഐ . കേരള ഈസ് ഓഫ് ഡൂയിങ് ബിസിനെസ്സ് പാനൽ & മാനേജിങ് ഡയറക്ടർ, ബിഭ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് ), പേരം പ്രസാദ റാവു (സി.ഇ .ഒ  ആൻഡ് ഫൗണ്ടർ, ടെക്നോബിസ്, തായ്ലാൻഡ്), തുടങ്ങിയ പ്രമുഖർ നയിച്ച ചർച്ചകളും തുടർന്നു നടന്ന പാനല് ഡിസ്കഷനും ഇതിന്റെ ഭാഗമായി നടന്നു.*

*യുവ ഗവേഷകരുടെ മികച്ച സംഭാവനകൾ അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയ പോളിമെറ റൈസിംഗ് സയന്റിസ്റ്റ് അവാർഡ് 2026 ഐ .ഐ .ടി. മദ്രാസിലെ ഡോ. ദ്രുപിത .എം പലേരി കരസ്ഥമാക്കി. സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയും സി .ഡബ്ലിയു .ആർ .ഡി .എം ഉം കാലടി ശ്രീ ശങ്കര കോളേജും സംയുക്തമായി നടത്തിയ ഷോർട്  ടെം കോഴ്സുകളുടെ  സർട്ടിഫിക്കറ്റ് വിതരണവും സമ്മേളനത്തിന്റെ ഭാഗമായി നടന്നു . ഈ കോൺഫെറൻസിന്റെ കൺവീനറും സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയുടെ ഡിറെക്ടറുമായ ഡോ ശ്രീകല എം.എസ്. നന്ദി രേഖപ്പെടുത്തി. ലോകത്തെ പ്രമുഖ ഗവേഷകരുടെ പങ്കാളിത്തത്തോടെ, പോളിമർ സയൻസ് മേഖലയിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും ശാസ്ത്രീയ പുരോഗതികളും പങ്കുവെക്കാൻ കഴിയുന്ന ആഗോള വേദിയായി പോളിമെറ-2026’ മാറി. കൂടുതൽ വിദേശ സർവ്വകലാശാലകളുമായി സഹകരിച്ച് 2027 ൽ ഈ കോൺഫറൻസിന്റെ മൂന്നാം പതിപ്പ് ആയ ‘പോളിമെറ-2027’ സംഘടിപ്പിക്കാൻ തീരുമാനിച്ചതായി അധികൃതർ അറിയിച്ചു .*

*(പി.ആർ.ഓ/39/23/2026)*

## അറിവും അനുഭവവും: ദയാബായിയുമായി  സംവാദം

*മഹാത്മാഗാന്ധി സർവ്വകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൻറെ (ഐ.യു.സി.ഡി.എസ്) ആഭിമുഖ്യത്തിൽ 'അറിവും അനുഭവവും: ദയാബായിയോടൊപ്പം ഒരു പ്രഭാതം' എന്ന പേരിൽ പ്രമുഖ സാമൂഹിക പ്രവർത്തക ദയാബായി പങ്കെടുത്ത സംവാദപരിപാടി സംഘടിപ്പിച്ചു.*

*സർവ്വകലാശാല അസംബ്ലി ഹാളിൽ നടന്ന  പരിപാടി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഐ.യു.സി.ഡി.എസ് ഓണററി ഡയറക്ടറും സംസ്ഥാന ഭിന്നശേഷി കമ്മീഷണറുമായ പ്രൊഫ. ഡോ. പി.ടി. ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു.*

*'കാസർഗോഡിന്റെ അമ്മ'  എന്നറിയപ്പെടുന്ന ദയാഭായിയുമായുള്ള സംവാദ പരിപാടിയിൽ വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ, ശ്രീശബരീഷ് ബഡ്സ് സ്കൂൾ, സന്തോഷ് ബഡ്സ് സ്കൂൾ ഏറ്റുമാനൂർ, ആശാഭവൻ കുന്നന്താനം, അനുഗ്രഹ ഓട്ടിസം സെന്റർ ഏറ്റുമാനൂർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള കുട്ടികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.*
*(പി.ആർ.ഓ/39/24/2026)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*ജനുവരി 28 മുതൽ ആരംഭിക്കുന്ന മോഡൽ 1 ബിഎ, ബിഎസ്.സി, ബി.കോം (ആനുവൽ സ്കീം- റഗുലർ 1992 മുതൽ 1997 വരെ അഡ്മിഷനുകൾ) ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (ആനുവൽ സ്കീം 1992 മുതൽ 1997 വരെ അഡ്മിഷനുകൾ) പാർട്ട്-3 മെയിൻ ആൻഡ് സബ്സിഡറി  അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഡിസംബർ 2024 പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ. പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഓ/39/25/2026)*

## പ്രാക്ടിക്കൽ

*ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ്- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്/ഡാറ്റാ സയൻസ് (പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) നവംബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 14 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

............................

*മൂന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെൻറ്, ബി.വോക് ഫാഷൻ ടെക്നോളജി, ബി.വോക് ഫാഷൻ ടെക്നോളജി ആൻഡ് മെർച്ചൻഡൈസിംഗ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 15 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

............................

*ഒന്നാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രഫി ആൻഡ് ഡിജിറ്റൽ എഡിറ്റിംഗ് (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 20, 21 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

............................

*മൂന്നാം സെമസ്റ്റർ ബി.എ മോഹിനിയാട്ടം, കഥകളി വേഷം (സിബിസിഎസ്) (പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഒക്ടോബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ജനുവരി 21, 23 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/26/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ